# കേരള സർക്കാർ
# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലിക്കുളം ഗ്രാമപഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി13-1498/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി13-1498/2021 തീയ്യതി: 27/12/2021

# കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 08-11-2021 | 17-11-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 17-11-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ ആർ, ഓഡിറ്റ്ഓഫീസർ (ഹ ഗ്രേ)
ലേഖ വി, ഓഡിറ്റ്ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശിവരാജ് പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുമംഗലാദേവി എം പി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| എസ് ഷാജി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ജോസഫ് പി റ്റി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോയിസ് സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| അരുൺപിള്ള | വി ഇ ഒ | 01-04-2020 | 31-03-2021 |
| ഫെമി ഫ്രാൻസിസ് | വി ഇ ഓ | 01-04-2020 | 31-03-2021 |
| സബിനിസ ജെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 17-11-2020 |
| മോളമ്മ എം പി | ഐ സി ഡി എസ് സൂപ്പർവൈസർ | 18-11-2020 | 31-03-2021 |
| ഡോ. അനിൽകുമാർ എൻ ആർ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ പത്മരാജൻ | മെഡിക്കൽ ഓഫീസ് സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ ബിന്ദുതെരേസ പി ജെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ജൂലി ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഷീജാമോൾജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| നിസ ലത്തീഫ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സ്മിത കൈമൾ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| പ്രീതി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

12/11/2020 മുതൽ 20/12/2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം ആയിരുന്നു.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികകണക്ക് പരിശോധന | 1-2 |
| 3 | സാമ്പത്തികവിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗുണഭോക്തൃ വിഹിതം പിരിവ്- രസീത് ബുക്ക് ഉപയോഗത്തിൽ അപാകത | 1-11 |
| 12 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-നടപടിക്രമങ്ങളിൽ അപാകതകൾ | 1-12 |
| 13 | ലൈസൻസ്-അപാകതകൾ | 1-13 |
| 14 | വായ്പ തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-14 |
| 15 | ഇലക്ഷൻ ഡിപ്പോസിറ്റ്-കണ്ട്കെട്ടിയ തുക മുതൽ കൂട്ടിയില്ല | 1-15 |
| 16 | കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കാതിരുന്നതിന് അനുമതി വാങ്ങിയില്ല | 1-16 |
| 17 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം -പരിധിയിൽ കവിഞ്ഞ് ചെലവ് | 1-17 |
| 18 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | 1-18 |
| 19 | വിവിധ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അലംഭാവം | 1-19 |
| 20 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-20 |
| 21 | പെൻഷണർ മരണമടഞ്ഞതിനുശേഷവും സാമൂഹ്യസുരക്ഷാ പെൻഷൻ പെൻഷണറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു | 1-21 |
| 22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി മതിയായ തുക വകയിരുത്തുന്നില്ല | 1-22 |
| 23 | കിച്ചൺ ബിൻ വിതരണം-അക്രഡിറ്റഡ് അല്ലാത്ത ഏജൻസിക്ക് 91,758/- രൂപ മുൻകൂർ നൽകി | 1-23 |
| 24 | കന്നുകുട്ടി പരിപാലനപദ്ധതിയ്ക്കായി നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-24 |
| 25 | കക്കൂസ് നിർമ്മാണം(ഒ.ഡി.എഫ്. ഫണ്ട്)-പൂർത്തീകരണ വിശദാംശമില്ല | 1-25 |
| 26 | ലൈഫ് ഭവന പദ്ധതി- എസ്.ടി. ഗുണഭോക്താവ് ഭവനിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| 27 | ചോപ്പിങ്ങ് മെഷീൻ സ്ഥാപിക്കൽ-നിർവ്വഹണത്തിൽ അപാകതകൾ | 1-27 |
| 28 | ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-ബക്കറ്റ് കമ്പോസ്റ്റ് പ്രോജക്റ്റ്-1,100/- രൂപ അധികം നൽകി | 1-28 |
| 29 | ബാരൽ വിലയും ജിഎസ് ടിയും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-29 |
| 30 | സ്വകാര്യ ആർക്കിടെക്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകല്പനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കൽ-അപാകതകൾ | 1-30 |
| 31 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല | 1-31 |
| 32 | കോവിഡ് പ്രതിരോധപ്രവർത്തനം -അവലോകനം | 1-32 |
| 33 | ഓഡിറ്റ് ഇംപാക്റ്റ്-2 | 1-33-1 |
| 34 | ഓഡിറ്റ് ഇംപാക്റ്റ്-1 | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 18/02/2021 തീയതിയിലെ 1/2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,92,69,904/- | 1,35,07,945/- |
| വരവ് | 13,88,42,000/- | 6,57,27,901/- |
| ആകെ | 15,81,11,904/- | 7,92,35,846/- |
| ചെലവ് | 15,52,25,979/- | 6,98,05,995/- |
| നീക്കിയിരിപ്പ് | 28,85,925/- | 94,29,851/- |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/ യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

## 1-2 വാർഷികകണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 12,27,32,006/- രൂപയും ചെലവ് 12,55,86,596/- രൂപയും തൻവർഷ ധനകമ്മി 28,54,590/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 6,93,57,402/- രൂപയും ബാധ്യതകളുടെ മൂല്യം 50683978.85 രൂപയും ജനറൽ ഫണ്ട് 1,86,73,423.15 രൂപയുമാണ്. 2020-21 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
5. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
6. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
7. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

8. RP- 47 ഷെഡ്യൂൾ പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 2020-21 വർഷം വിവിധ പദ്ധതികൾക്ക് നിക്ഷേപിച്ചിട്ടുള്ളത് 1074000/- രൂപയാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം യഥാർത്ഥ ചെലവ് 1793000 രൂപയാണ്(വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല).
9. മെഷീൻ റണ്ണിംഗ് ഫീസ് ഇനത്തിൽ ഗ്ലെന്റോക്ക് റബ്ബേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2020-21 വർഷത്തേക്ക് മുൻകൂറായി വാങ്ങിയ57830/- രൂപ തൻവർഷം ക്രമീകരിച്ച് ഈ വർഷത്തെ വരവാക്കിയിട്ടില്ല.
10. സ്ഥിരനിക്ഷേപം സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തികവിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,35,07,945/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,57,27,901/- |
| ആകെ | 7,92,35,846/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,98,05,995/- |
| നീക്കിയിരിപ്പ് | 94,29,851/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3200218 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 14613134 | 14613134 | 12822454 | 1790680 | 88 |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 4234474 | 4234474 | 3200282 | 1034192 | 76 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 236000 | 236000 | 165333 | 70667 | 70 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 9190742 | 9190742 | 6189253 | 3001489 | 67 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 5240000 | 5240000 | 908851 | 4331149 | 17 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 8437000 | 8437000 | 6119410 | 2317590 | 73 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3865000 | 3865000 | 3854019 | 10981 | 99.7 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 2480 | 0 | 2480 | 0 | 2480 | |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 380 | 16390912 | 16391292 | 16386425 | 4867 | |
| ICDS ഫണ്ട് | 184074 | 726443 | 910517 | 601108 | 309409 | |

| | | | | | | |
|---|---|---|---|---|---|---|
| കൃഷി വകുപ്പ് ഗ്രാൻറ് | 00 | 300000 | 300000 | 00 | 300000 | |
| കേരളോത്സവം | 00 | 20000 | 20000 | 20000 | 00 | |
| ഗുണഭോക്തൃവിഹിതം | 36782 | 33558 | 70340 | 33358 | 36982 | |
| ശുചിത്വമിഷൻ | 805888 | 2555888 | 3361776 | 1320952 | 2040824 | |
| സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം | 00 | 2388109 | 2388109 | 2388109 | 00 | |
| സംയോജിത പദ്ധതി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 00 | 1200742 | 1200742 | 1200742 | 00 | |

. ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം വികസനഫണ്ട് വരവ് 13020640/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 14613134 രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്ത1592494രൂപ ഉൾപ്പെടെ).

. ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം വികസനഫണ്ട് എസ് സി പി വരവ് 4175886/- രൂപയാണ്. എന്നാൽ സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 4234474 രൂപയാണ്(സർക്കാർ നേരിട്ട് കുറവ് ചെയ്ത58588രൂപ ഉൾപ്പെടെ)..

. ഗ്രാൻറ് സ്റ്റേറ്റ്മെൻറ് പ്രകാരം വികസനഫണ്ട് ടി എസ് പി വരവ് 206667/- രൂപയാണ്.സർക്കാർ നേരിട്ട് കുറവ് ചെയ്ത29333രൂപ ഉൾപ്പെടെ യഥാർത്ഥ വരവ് 236000രൂപയാണ്.

. ഗ്രാൻറ് സ്റ്റേറ്റ്മെൻറ് /അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മെയിൻറനൻസ് ഗ്രാൻറ് റോഡ് വരവ് 2812300/- രൂപയും നോൺ റോഡ് വരവ് 1288300രൂപയുമാണ്.എന്നാൽ സർക്കാർ ഉത്തരവുകൾ പ്രകാരം ഇവ യഥാക്രമം 8437000രൂപയും 3865000 രൂപയുമാണ്. തെറ്റായ രേഖപ്പെടുത്തലുകൾ മൂലം ഇവയുടെ നീക്കിയിരിപ്പ് തുകയും തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

. ഗുണഭോക്തൃവിഹിതം ഇനത്തിൽ 2019-20 ന് മുൻപ് പിരിച്ചെടുത്ത 36782/-രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

. ധനകാര്യകമ്മീഷൻ ഗ്രാൻറിനത്തിൽ തൻവർഷം ലഭിച്ച 14430742/-രൂപയിൽ 7098104/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.മെയിൻറനൻസ് ഗ്രാൻറ് റോഡിനത്തിൽ ലഭിച്ച 8437000/-രൂപയിൽ 6119410/- മാത്രമാണ് ചെലവഴിച്ചത്.

വികസന ഫണ്ട്, മെയിൻറനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാൻറ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാൻറ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിൻറെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2020ലെ ഉത്തരവ് നം. 80898/2020/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിൻറെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 10/12/201 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 16/12/2019 |
| വികസനസെമിനാർ | 4/3/2020 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 15/1/20-23/1/2020 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 23/12/2019 |

2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 97478646/- രൂപയും ആകെ ചെലവ് 54365900/- രൂപയുമാണ്. ചെലവുശതമാനം 55.77%. അംഗീകാരം ലഭിച്ച 231 പ്രോജക്ടുകളിൽ 176 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 14 | 2777740 | 2327857 | 84 |
| വെറ്ററിനറി സർജൻ | 5 | 5 | 1204400 | 804400 | 67 |
| എം.ഒ (പിഎച്ച്സി) | 1 | 1 | 625000 | 625000 | 100 |
| എം.ഒ (ഹോമിയോ) | 2 | 2 | 115000 | 111785 | 97 |
| എം.ഒ (ആയുർവേദം) | 1 | 1 | 400000 | 400000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 1752000 | 0 | 0 |
| വി ഇ ഒ | 13 | 11 | 22895000 | 14211500 | 62 |
| വി ഇ ഒ-2 | 12 | 12 | 2582200 | 1795220 | 70 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 7 | 4842000 | 4268880 | 88 |
| സെക്രട്ടറി | 37 | 27 | 12510971 | 5144337 | 41 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 128 | 89 | 46238873 | 23193427 | 50 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1020000 | 1020000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 515462 | 463494 | 90 |
| ആകെ | 231 | 176 | 97478646 | 54365900 | 55.77 |

**<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.25 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>**

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി കാണുന്നില്ല. വികസനഫണ്ട് ചെലവഴിച്ചത് 88%. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം 17% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 128 പ്രോജക്ടുകളിൽ 89 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 50.16%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1790680 |
| വികസന ഫണ്ട്-എസ്.സി.പി. | 1034192 |
| വികസന ഫണ്ട്- ടി.എസ്.പി. | 70667 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 3001489 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 4331149 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 2317590 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 10981 |
| ആകെ | 12556748 |

1.25 കോടിയിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ

വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

**സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു**

സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും ചെലവുപത്രികയിൽ ചെലവ് രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസ് ഫർണീഷിങ്ങ് എന്ന പ്രൊജക്റ്റിനായി തനത് ഫണ്ട് വിഹിതം 27,97,323/- രൂപ ചെലവഴിച്ചത് സുലേഖ പത്രികയിൽ ചെലവ് ചേർത്തിരുന്നില്ല. ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ഗ്രാമ പഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ് സംജാതമായത്.

## 1-6 തൊഴിലുറപ്പു പദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 110 പ്രോജക്ടുകളിൽ 71എണ്ണവും തൻവർഷം നടപ്പിലാക്കി. 39106 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 597 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി ,ആട്ടിൻ കൂട്, റോഡ് കോൺക്രീറ്റിംഗ്, കാലിത്തൊഴുത്ത് എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 381.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 15962540 | 16390912 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 428372 | |
| ആകെ വരവ് | | | 16391293 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 11401981 | 16386425 |
| | വിദഗ്ദ്ധ തൊഴിലാളികളുടെവേതനം, സാധന വില | 4560559 | |
| | ഭരണ ചെലവുകൾ | 423885 | |
| ആകെ ചെലവ് | | | 16386425 |
| നീക്കിയിരിപ്പ് | | | 4868.00 |

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12000 | 16 |
| വാർദ്ധക്യകാലപെൻഷൻ | 31736800 | 13124 |
| കർഷകതൊഴിലാളി പെൻഷൻ | 2363000 | 952 |
| | | |

| | | |
|---|---|---|
| വിധവാപെൻഷൻ | 9734500 | 3818 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 591500 | 244 |
| വികലാംഗപെൻഷൻ | 3914200 | 1546 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/11/2021-ന് 03:30 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 4,009/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/12/2019 | 11/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 25/05/2016-06/06/2016 | 2012-13 മുതൽ 2015-16 വരെ | LBA(HQ)II/8A-2459/112 Dated 5/07/2016 |

## 1-11 ഗുണഭോക്തൃ വിഹിതം പിരിവ്- രസീത് ബുക്ക് ഉപയോഗത്തിൽ അപാകത

128/21, 139/21 നം. പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം പിരിക്കാനായി വി.ഇ.ഓ. (ഇളങ്ങുളം) കൈകാര്യം ചെയ്ത 59261 നം. രസീത് ബുക്കിലെ 1 മുതൽ 43 വരെ രസീതുകൾ ഉപയോഗിച്ചിട്ടുണ്ട്. രസീത് ഉപയോഗത്തിലെ അപാകതകൾ താഴെ വിവരിക്കുന്നു.

1. രസീതുകൾ എഴുതിയപ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചില്ല. രസീതുകളുടെ ഉപയോഗത്തിലെ സാമ്പത്തിക സുതാര്യത വ്യക്തമല്ല.
2. ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളുടെ പേരിൽ നൽകുന്നതിന് പകരം വാർഡ് മെമ്പർമാരുടെ പേരിൽ കുറെ ഗുണഭോക്താക്കളുടെ തുകയ്ക്ക് രസീത് ഒന്നിച്ച് എഴുതി നൽകിയിരിക്കുന്നു.
3. ഗുണഭോക്തൃ വിഹിതം പിരിച്ചതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം പ്രോജക്ട് തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

രസീതുകൾ കൈകാര്യം ചെയ്തതിലെ അപാകതകൾക്കും സാമ്പത്തിക സുതാര്യതയില്ലായ്മയ്ക്ക് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(11/15.11.2021) നൽകിയതിന് കോവിഡ്-19 പ്രോട്ടോക്കോൾ പാലിക്കേണ്ടി

വന്നതിനാലാണ് അപാകത സംഭവിച്ചത് എന്ന് മറുപടി നൽകി. ഡബിൾ സൈഡ് കാർബൺ ഇല്ലാതെ രസീത് എഴുതിയതും ഗുണഭോക്താക്കൾക്കുള്ള രസീത് മെമ്പറുടെ പേരിൽ നൽകിയതും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കാതിരുന്നതും ക്രമപ്രകാരമല്ല. ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ എഴുതിയ രസീതിലെ തുകകളാണ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത്. പ്രസ്തുത രസീതുകളിലെ സാമ്പത്തിക ഇടപാടിലെ സുതാര്യത ധനകാര്യ സ്റ്റാൻറിങ്ങ് കമ്മറ്റിയും പഞ്ചായത്ത് ഭരണസമിതിയും പരിശോധിച്ച് ഉറപ്പാക്കി മറുപടി നൽകേണ്ടതാണ്.

## 1-12 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-നടപടിക്രമങ്ങളിൽ അപാകതകൾ

2020-21 വർഷം ആകെ 9 കടമുറികളാണ് പഞ്ചായത്ത് വക ഷോപ്പിങ്ങ് കോംപ്ളക്സിൽ വാടകയ്ക്ക് നൽകിയിരുന്നത് എന്ന് വാടക രജിസ്റ്റർ ഇൻഡെക്സിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. വാടക നടപടിക്രമങ്ങളിലും അനുബന്ധരേഖകൾ സൂക്ഷിക്കുന്നതിലും രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(13/15.11.2021) നൽകിയിരുന്നു. അപാകതകളും പഞ്ചായത്ത് മറുപടിയിൽ നൽകിയ വിശദീകരണവും ചുവടെ ചേർക്കുന്നു.

1. വാടക നടപടിക്രമങ്ങളും വ്യവസ്ഥകളും പ്രതിപാദിക്കുന്ന അംഗീകൃത ബൈ-ലോ പഞ്ചായത്തിൽ നിലവിലില്ല. വാടക ബൈ-ലോ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചു. അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
2. 2020-21 വർഷം കട മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്ന കുത്തകക്കാരുമായി കരാർ ചമച്ചിട്ടില്ല. കുത്തകക്കാർ നൽകിയ മുദ്രപ്പത്രങ്ങൾ കരാർ എഴുതാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. നിയമാനുസൃതമായി കരാർ ചമയ്ക്കാതെ കടമുറികൾ വാടകയ്ക്ക് നൽകിയത് ക്രമപ്രകാരമല്ല. കരാർ കൃത്യമായി ചമയ്ക്കുന്നതാണ് എന്ന് മറുപടി നൽകി. കരാർ ചമയ്ക്കുന്ന നടപടികളിൽ വീഴ്ചവരുത്തുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.
3. 2020-21 വർഷ വാടകയ്ക്ക് ആനുപാതികമായി 18% GST ഈടാക്കിയിട്ടില്ല. 2017 ലെ CGST KGST Act ഷെഡ്യൂൾ II ക്രമ നം.5A പ്രകാരം വാണിജ്യാവശ്യത്തിന് വാടക കടമുറികൾക്ക് GST ബാധകമാണ്. R &P ഷെഡ്യൂൾ RP-43 പ്രകാരം വാടക ഒടുക്കിയത് 115,405/- രൂപയാണ്. 20,772/- രൂപ GST ആയി കുത്തകക്കാർ ഒടുക്കേണ്ടതായിരുന്നു. GST ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി മുഖേന തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. 2020-21 വർഷത്തെ വാടകയിൻമേലുള്ള GST 20,772/- രൂപ കുത്തകക്കാരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.
4. വാടക നിക്ഷേപം തുകയുടെ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം(Rent Deposit) തുക 38,010/- രൂപയാണ്. ഓഡിറ്റ് നിർദ്ദേശ പ്രകാരം ഓരോ കുത്തകക്കാരും ഒടുക്കിയ നിക്ഷേപത്തിന്റെ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയത് 34,760/- രൂപയുടെ കണക്കുകളാണ്. 3,250/- രൂപ നിക്ഷേപം ഏത് കുത്തക്കാരൻ അടവാക്കിയതാണ് എന്നത് വ്യക്തമല്ല. വാടക തുകയ്ക്ക് ആനുപാതികമായല്ല നിക്ഷേപം എന്ന് കണക്കുകളിൽ നിന്ന് വ്യക്തമാണ്. ബൈ-ലോ തയ്യാറാക്കി നിശ്ചിത തുക നിക്ഷേപം ഓരോ കുത്തകക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്. 3,250/- രൂപയുടെ വാടക നിക്ഷേപം ഒടുക്കിയതിന്റെ വിശദാംശം കണ്ടെത്തി നിലവിൽ ഇല്ലാത്ത കുത്തകക്കാരനാണെങ്കിൽ തുക ആവശ്യപ്പെട്ട് അപേക്ഷ നൽകാത്ത പക്ഷം നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.
5. ശ്രീമതി ഉഷ ബാബു, നടപ്പുറകിൽ, മല്ലികശ്ശേരി എന്ന വ്യക്തി I/160 നം. മുറി 4/2017 മുതൽ 6/2018 വരെയുള്ള 15 മാസ കാലയളവിൽ 17,728/- രൂപ വാടക കുടിശ്ശികയാക്കിയത് നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. പിഴപ്പലിശ ഉൾപ്പടെ പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് വിവിധ പഞ്ചായത്ത് കമ്മിറ്റികളിൽ (02.03.2021-ലെ 6/1, 11/02/2021 ലെ 21/1, 21/10/2020 ലെ 24/2 തീരുമാനങ്ങൾ) സെക്രട്ടറി നിർദ്ദേശിച്ചെങ്കിലും നടപടിയെടുത്തതായി കാണുന്നില്ല. മുദ്രപത്രം കരാർ ചമയ്ക്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ഉഷ ബാബുവിന്റെ വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചു.
6. വാടക അഡ്വാൻസ് ഇനത്തിൽ 5,400/- രൂപ മുൻവർഷങ്ങളിൽ ലഭിച്ചത് നിലനിൽക്കുന്നതായി 31/03/2021 ലെ ബാലൻസ് ഷീറ്റിൽ കാണുന്നു (ശീർഷകം-350410401). ടി തുക ഒടുക്കിയത് ഏത് കുത്തകക്കാരനാണ് എന്ന വിശദാംശം ലഭ്യമല്ല. മേൽപറഞ്ഞ വാടക അഡ്വാൻസിന്റെ വിശദാംശം കണ്ടെത്തി തുക ക്രമീകരിക്കേണ്ടതാണ്.

ക്രമ നം.5-ൽ പരാമർശിച്ച കുടിശിക വരുത്തിയ വ്യക്തിയുടെ വാടക നിക്ഷേപമായി 4,200/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വാടക നിക്ഷേപ കണക്കുകളിൽ കാണുന്നു. ടി തുക വാടക കുടിശികയിലേക്ക് കണ്ടുകെട്ടി(Forfeit) ബാക്കി തുക 13,528/- രൂപയും അടവാക്കുന്ന തീയതി വരെയുള്ള പലിശയും ഈടാക്കേണ്ടതാണ്. ക്രമ നം.2 പ്രകാരം GST 20,772/- രൂപ GST(10,386/- SGST, 10,386/- CGST) ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. വാടക നടപടികളിലെ മേൽവിവരിച്ച മറ്റ് അപാകതകളും പരിഹരിച്ച് വിശദീകരണം അനുബന്ധരേഖകൾ ഉൾപ്പടെ നൽകേണ്ടതാണ്.

## 1-13 ലൈസൻസ്-അപാകതകൾ

2020-21 ലൈസൻസ് രജിസ്റ്റർ, അനുബന്ധരേഖകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഇല്ല. എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.
2. 2020-21 വർഷം ആകെ 215 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തത്(ലൈസൻസ്, പോൾട്രി ലൈസൻസ് രജിസ്റ്റർ പ്രകാരം). മുൻവർഷങ്ങളിൽ 280 ലധികം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു.
3. 2020-21 വർഷത്തെ ലൈസൻസ് ഫീസ് ഇനത്തിലെ വരവ് രജിസ്റ്റർ പ്രകാരം 174,210/- രൂപയാണ്. ധനകാര്യ പത്രിക പ്രകാരം 175,200/- രൂപ ലഭിച്ചതായി കാണുന്നു. 990/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
4. ലൈസൻസ് ഫീസ് നിർണ്ണയിക്കുന്ന മാനദണ്ഡമായ Capital Investment തുക മിക്ക അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് അപേക്ഷകൾ കൃത്യമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
5. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസായി Glenvok Rubber Products, Mallikassery എന്ന സ്ഥാപനത്തിൽ നിന്നും 2020-21 വർഷത്തേക്കായി 57,830/- രൂപ മുൻവർഷം അഡ്വാൻസ് ബാധ്യത ശീർഷകത്തിൽ രസീത് നം.11911050054/06.03.2020 പ്രകാരം അക്കൌണ്ട് ചെയ്തത് തൻവർഷം ക്രമീകരിച്ചിട്ടില്ല(ശീർഷകം-350410399). അക്കൌണ്ടിങ്ങ് അപാകത ക്രമീകരിക്കേണ്ടതാണ്.

മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ലൈസൻസ് നടപടികൾ കൃത്യമാക്കി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വായ്പ തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2020-21 സാമ്പത്തിക വർഷം ലൈഫ് ഭവനപദ്ധതിക്കായി ഹഡ്കോ വായ്പ ഇനത്തിൽ 4300000/- രൂപ ഇതിനായുള്ള എസ് ബി ഐ അക്കൗണ്ടിൽ വരവ് ചേർത്തിട്ടുണ്ട്. തൻ വർഷം ഇതിൽ നിന്നും 3940000/- രൂപ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട് (വാർഷികകണക്ക് പ്രകാരമുള്ള വിവരം). ബാക്കിയുള്ള 360000/- രൂപ അക്കൗണ്ടിൽ ബാക്കി വരുകയും ഇതിൽ നിന്നും 300000/- രൂപ 07/2021 ൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 60000/- രൂപ ഓഡിറ്റ് കാലയളവിലും അക്കൗണ്ടിൽ ബാക്കി നില്ക്കുന്നു. ഗുണഭോക്താക്കൾക്ക് തുക നല്കേണ്ട സമയത്ത് കൃത്യമായ തുകക്ക് റികവസ്റ്റ് നല്കുകയും തുക ലഭിച്ചാലുടൻ വിതരണം ചെയ്യുകയും ചെയ്യുന്നതിന് പകരം ലോൺ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചതു മൂലം പ്രസ്തുത കാലയളവിലും സർക്കാർ പലിശ നല്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. അപാകതയിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/15.11.21) മറുപടിയായി കോവിഡ് കാരണം ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം സ്റ്റേജ് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്ന് മറുപടി നല്കി. ഭവനനിർമ്മാണം സ്റ്റേജ് പൂർത്തീകരിച്ചതിന് ശേഷം മാത്രം ലോൺതുക റികവസ്റ്റ് ചെയ്ത് വാങ്ങണമെന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. വായ്പ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് അടിയന്തിരമായി ഗുണഭോക്താവിന് വിതരണം ചെയ്യുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ സമാനരീതിയിൽ സർക്കാരിന് സാമ്പത്തിക നഷ്ടം വരുന്ന നടപടികൾ ഒഴിവാക്കേണ്ടതുമാണ്.

## 1-15 ഇലക്ഷൻ ഡിപ്പോസിറ്റ്-കണ്ട്കെട്ടിയ തുക മുതൽ കൂട്ടിയില്ല

2020-21 വാർഷികകണക്ക് B7 ഷെഡ്യൂളിൽ, 2020 ഡിസംബറിലെ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളിൽ നിന്ന് ഇലക്ഷൻ ഡെപ്പോസിറ്റായി

സ്വീകരിച്ച 49,000 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് എലിക്കുളം ഗ്രാമപഞ്ചായത്ത് വാരണാധികാരിയുടെ 8/1/2020 ലെ AB1-162/10 നമ്പർ ഉത്തരവ് പ്രകാരം ആകെ വോട്ടിന്റെ 1/6 വിഹിതം ലഭിക്കാത്ത 17 സ്ഥാനാർത്ഥികളുടെ ജാമ്യ നിക്ഷേപം കണ്ട് കെട്ടി ഉത്തരവായിട്ടുള്ളതാണ്. കണ്ട് കെട്ടിയ തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി ബാധ്യതകണക്കിൽ നിന്നും ഒഴിവാക്കേണ്ടതും, ബാക്കി തുകയിൽ തിരികെ അവകാശപ്പെടാത്ത തുക ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി ബാധ്യതകണക്കിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

## 1-16 കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കാതിരുന്നതിന് അനുമതി വാങ്ങിയില്ല

എലിക്കുളം ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡ് (മല്ലികശ്ശേരി) മെമ്പർ ശ്രീ.മാത്യു ആനിത്തോട്ടം പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കാത്തതായി കമ്മിറ്റി ഹാജർ ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളുടെ അറിയിപ്പ് നോട്ടീസ് മെമ്പർ കൈപ്പറ്റിയതായി വ്യക്തമായിട്ടുണ്ട്. 7/2020 മുതൽ 10/2020 വരെയുള്ള 9യോഗങ്ങളിൽ ടിയാൾ ഹാജരായിരുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.08.2004ലെ ഉത്തരവ് ജി.ഒ.(പി)265/2004 പ്രകാരം പഞ്ചായത്തിന്റെ അനുവാദമില്ലാതെ യോഗങ്ങളിൽ ഒരംഗം ഹാജരാകാതിരുന്നാൽ ഹോണറേറിയത്തിന് അർഹതയില്ലാത്തതാണെന്ന് അനുശാസിക്കുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം7) മറുപടിയായി ആരോഗ്യപ്രശ്നത്തെതുടർന്ന് പങ്കെടുക്കാതിരുന്നതെന്നും വിവരം പ്രസിഡന്റിനെ അറിയിച്ചിരുന്നുവെന്നും എല്ലാക്ഷേമപ്രവർത്തനങ്ങളിലും പങ്കെടുത്തിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മറ്റിയെ ടിയാൾ വിവരം അറിയിക്കുകയോ അവധിയ്ക്കായി അനുമതി തേടുകയോ ഉണ്ടായിട്ടില്ല. അനുമതിയില്ലാതെ യോഗങ്ങളിൽ നിന്നും വിട്ടുനിൽക്കുന്നത് നിയമവിരുദ്ധമാണ്. ഈ രീതിയിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം ഉദ്ഘാടനം -പരിധിയിൽ കവിഞ്ഞ് ചെലവ്

28-12-2015 ലെ ജിഒ(ആർടി) 3866/2015 തസ്വഭവ നം ഉത്തരവ് പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 25000/-രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പുതിയ കെട്ടിടനിർമ്മാണത്തിന്റെ മന്ത്രി പങ്കെടുത്ത ഓൺലൈൻ ആയി നടന്ന ഉദ്ഘാടനചടങ്ങുകൾക്കായി പരിധിയിലധികം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | ചെലവഴിച്ച തുക | ഉദ്ദേശം |
|---|---|---|
| 22000489/9-10-20 | 9500 | LCD പ്രൊജക്റ്റർ, സൗണ്ട് സിസ്റ്റംസ് വാടക |
| 22000503/16-10-20 | 8006 | റിഫ്രഷ്മെന്റ് |
| 22000511/16-10-20 | 4650 | മെമന്റോ |
| 22000512/21-10-20 | 10575 | അലങ്കരിച്ചതിന്റെ ചെലവ് |
| 22000513/21-10-20 | 9900 | ഇല്യൂമിനേഷൻ |
| 22000553/30-10-20 | 1100 | ബൊക്കെ |
| ആകെ | 43731 | |

സർക്കാർ നിശ്ചയിച്ച പരിധിയിലധികരിച്ച് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം8) മറുപടിയായി കോവിഡ് കാലമായതിനാൽ മീറ്റിങ്ങ് ചടങ്ങുകൾ നവമാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എൽസിഡി പ്രൊജക്ടർ സംവിധാനം ഒരുക്കിയിരുന്നുവെന്നും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകളും ഉണ്ടായതിനെത്തുടർന്നാണ് അധികമായി തുക ചെലവഴിക്കാൻ ഇടയായത് എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരിധിയിൽ നിന്ന് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട് അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർ നമ്പർ | തുക | ഉദ്ദേശം | ലഭ്യമാക്കേണ്ട അധിക രേഖകൾ |
|---|---|---|---|---|
| 1 | 22000191/23-6-20 | 10360 | ഞണ്ടുപാറ കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ക്വട്ടേഷൻ, എസ്റ്റിമേറ്റ്, വാല്യുവേഷൻ |
| 2 | 22000178/16-6-20 | 10000 | കൊതുകു നിവാരണ പരിപാടി- മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരങ്ങൾ |
| 3 | 22000482/9-10-20 | 5000/- | മെഡിക്കൽ ഓഫീസർ(പിഎച്ച്സി) കൺട്രോൾ സെൽ-കോവിഡ് 19-മുൻകൂർ | മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ |
| 4 | 22000949/5-2-21 | 10000/- | മെഡിക്കൽ ഓഫീസർ(പിഎച്ച്സി)പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ | ചെലവ് വൗച്ചറുകൾ |
| | ആകെ | 35360 | | |

രേഖകൾ ലഭ്യമാക്കുന്നതിനും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 9) ലഭ്യമാക്കിയ വിശദീകരണം ചുവടെ ചേർക്കുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കിയ ഞണ്ടുപാറ കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ എക്സ്റ്റെൻഷന് തുക ചെലവഴിക്കുക വഴി അടിയന്തിരമായി കുടിവെള്ള സൗകര്യം ഒരുക്കുകയാണ് ലക്ഷ്യമാക്കിയതെന്നും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ ചെയ്ത പ്രവർത്തിയുടെ വാല്യുവേഷൻ ലഭ്യമാക്കിയിരുന്നില്ല.

2. ക്രമനമ്പർ 2,3,4 പ്രകാരം മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ തുകകൾ അടിയന്തിര സാഹചര്യത്തിൽ നൽകിയതാണെന്നും ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ടിയിനത്തിൽ ചെലവഴിച്ച 35360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 വിവിധ കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ അലംഭാവം

2020-21 വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ കമ്മറ്റിയോഗങ്ങളിൽ എടുത്ത ചുവടെ പറയുന്ന തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല.

| ക്രമനം | കമ്മറ്റി തീരുമാനം നം | തീരുമാനം | ലഭ്യമാക്കേണ്ട വിശദീകരണം |
|---|---|---|---|
| 1 | 8(1) Dt 10-6-20 | ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ നിന്ന | തേക്ക് തടി ലേലം നടത്തി |

| | | | |
|---|---|---|---|
| | | തേക്ക് മരം മുറിച്ചിട്ടത് -കോമ്പൗണ്ടിൽ തന്നെ സൂക്ഷിക്കുന്നതിന് തീരുമാനം | മുതൽക്കൂട്ടാത്തതിന് വിശദീകരണം |
| 2 | 8(1) Dt 10-6-20 | ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വീണുകിടക്കുന്ന തടികൾ പുനർലേലം ചെയ്യുന്നതിന് തീരുമാനം | തടി ലേലം നടത്തി മുതൽക്കൂട്ടാത്തതിന് വിശദീകരണം |
| 3 | 5(1) Dt 21-10-20<br>12(1) Dt 11-2-21 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത മണ്ണ് സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിന് തീരുമാനം-<br>ടി മണ്ണ് പഞ്ചായത്തിലെ മറ്റ് പ്രവർത്തികൾക്ക് ഉപയോഗിക്കാൻ തീരുമാനം | മണ്ണ് ലേലം നടത്തി മുതൽക്കൂട്ടാത്തതിന് വിശദീകരണം<br>ടി മണ്ണ് ഉപയോഗിച്ച് തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്. |
| 4 | 3(2) Dt 09-11-20 | ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായ വസ്തുക്കൾ(അലമാര, കസേര Etc.)1-ാം വാർഡിലെ ഉദയ അംഗൻവാടി കെട്ടിടത്തിൽ സൂക്ഷിക്കാൻ തീരുമാനം | ലേലം നടത്തി മുതൽക്കൂട്ടാത്തതിന് വിശദീകരണം |
| 5 | 5(1)Dt 11-02-21 | 5-ാം വാർഡിൽ നിന്ന തേക്ക് മരം 4-ാം വാർഡിൽ വീണ ആഞ്ഞിലിമരം- ടി തടികൾ കൊണ്ട് അംഗൻവാടികൾക്ക് ഫർണീച്ചർ ഉണ്ടാക്കുവാൻ തീരുമാനം | ടി തടികൾ കൊണ്ട് അംഗൻവാടികൾക്ക് ഫർണീച്ചർ നിർമ്മിച്ച് കൈമാറിയെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ |

കമ്മറ്റിയെടുത്ത മേൽപറഞ്ഞ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/15.11.2021) താഴെപറയുന്ന വിശദീകരണം ലഭ്യമാക്കിയിരുന്നു.

1. ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ നിന്ന തേക്ക് മരം അപകടാവസ്ഥയെ തുടർന്ന് മുറിച്ച് മാറ്റിയതായും നിരവധി തവണ ലേലം നടത്തിയെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറായിരുന്നില്ലായെന്നും അറിയിക്കുകയുണ്ടായി. തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ റിയാസ് ഖാൻ കാഞ്ഞിരപ്പള്ളി എന്നയാൾ വാല്യുവേഷനെക്കാൾ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത് ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു. വാല്യുവേഷനെക്കാൾ കുറഞ്ഞ തുകയ്ക്ക് ലേലം നടത്തുന്നതിനായി സർക്കാരിന്റെ അനുമതിയ്ക്കായി പഞ്ചായത്ത് അപേക്ഷിച്ചിരുന്നുവെങ്കിലും സർക്കാരിൽ നിന്നും മറുപടി ലഭ്യമായിരുന്നില്ല. എന്നാൽ ക്വട്ടേഷൻ നൽകിയ തുകയ്ക്ക് തടി അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട് ശ്രീ റിയാസ്

ഖാൻ ഹൈക്കോടതിയിൽ Wp(C)4478/2019നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി വിഷയം കോടതിയുടെ പരിഗണനയിലാണ് . വെട്ടിയിട്ട തടി കാലപ്പഴക്കം മൂലം ദ്രവിച്ച് പോകുന്ന സാഹചര്യമുണ്ട്. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് അടിയന്തിരമായി തടി ലേലം/ക്വട്ടേഷൻ നടപടികളിലൂടെ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

2. ക്രമനം 2,4 പ്രകാരമുള്ള ലേലനടപടികൾ സ്വീകരിച്ച് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ക്രമനം 5പ്രകാരമുള്ള തടിലേലം നടത്തിയെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് അംഗൻവാടികൾക്ക് ഫർണീച്ചർ നിർമ്മിക്കാൻ തീരുമാനമെടുത്തതെന്നും അറിയിച്ചു. എന്നാൽ ഫർണീച്ചർ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലായെന്നും അടിയന്തിരമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

3. ക്രമനം 3 പ്രകാരമുള്ള മണ്ണിന് ലേലനടപടികൾ സ്വീകരിച്ചെങ്കിലും ആരും ലേലം കൊണ്ടില്ലായെന്നും 2021-22 വർഷത്തെ പ്രൊജക്ടായ ഉരുളികുന്നം ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയ്ക്കായി ഉപയോഗിക്കുന്നതാണ് എന്നും അറിയിച്ചു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്. മേൽപറഞ്ഞവ നടപ്പാക്കാതിരിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്. കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-20 വിനിയോഗവിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം തുക നിക്ഷേപിച്ചിരുന്നുവെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രൊ.നം &പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച ഏജൻസി |
|---|---|---|
| 267/31 ഡിപിസി സെക്രട്ടേറിയറ്റ് കെട്ടിടനിർമ്മാണം | 200000/- (ബിൽ നം 12/17-9-20) | ജില്ലാപ്ലാനിങ്ങ് ഓഫീസർ, കോട്ടയം |
| 57/21 എബിസി പ്രോഗ്രാം | 2,10,000/- (ബിൽ നം 11/17-9-20) | ജില്ലാമിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ |
| 140/21 ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 100000/- (ബിൽ നം 21/18-3-21) | ജില്ലാപഞ്ചായത്ത് കോട്ടയം |
| 2/21 SSAവിഹിതം | 100000/- (ബിൽ നം 14/17-9-20) | District Project Office, SSK, കോട്ടയം |
| 276/21 4-ാം വാർഡിൽ കുഴൽക്കിണർ നിർമ്മാണം | 2,00,000/- (ബിൽ നം 24/22-3-21) | ഭൂജലവകുപ്പ് കോട്ടയം |
| 279/20 പുളിക്കൽ പീടിക അംഗൻവാടി കുടിവെള്ള പദ്ധതി | 2,65,000/- (ബിൽ നം 26/22-3-21) | ഭൂജലവകുപ്പ് കോട്ടയം |
| 179/21 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 3,73,000/- (ബിൽ നം 12/22-3-21) | ഭൂജലവകുപ്പ് കോട്ടയം |
| 277/21 6-ാംവാർഡിൽ വിവിധ സ്ഥലങ്ങളിൽ | 3,88,000/- (ബിൽ നം 25/22-3-21) | ഭൂജലവകുപ്പ് കോട്ടയം |

| | | |
|---|---|---|
| കുഴൽക്കിണർ നിർമ്മാണം | | |
| 180/21 കുഴൽക്കിണർ മെയിന്റനൻസ് | 1,13,000/- (ബിൽ നം 18/5-3-21) | ഭൂജലവകുപ്പ് കോട്ടയം |
| 145/21 വിവിധ അംഗൻവാടികളിൽ കുഴൽക്കിണർ നിർമ്മാണം | 4,00,000/- (ബിൽ നം 2/17-4-20) | ഭൂജലവകുപ്പ് കോട്ടയം |
| വാർഡ് 7ലെ പോസ്റ്റ് ഷിഫ്റ്റിങ്ങ് ചാർജ് | 13000/- (ചെക്ക് നം 777591/24-3-21) | KSEB, പൊൻകുന്നം |
| ആകെ | 2362000 | |

വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (നം 10) പ്രസ്തുത ഓഫീസുകളിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസികളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതം ലഭ്യമാക്കുന്നത് വരെ ടിയിനത്തിൽ ആകെ ചെലവഴിച്ച 23,62,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പെൻഷണർ മരണമടഞ്ഞതിനുശേഷവും സാമൂഹ്യസുരക്ഷാ പെൻഷൻ പെൻഷണറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു

എലിക്കുളം ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | മാണി മത്തായി | വാർദ്ധ്യകകാല പെൻഷൻ | 105420201728 | 18.5.20 | 6/20-10/21 | 1500x10+1600x7=26200 |
| 2. | മാത്യു ജോസഫ് | “ | 105420201467 | 22.6.20 | 7/20-10/21 | 9x1500+7x1600=24700 |
| 3 | തോമസ് സെബാസ്റ്റ്യൻ | “ | 105420201497 | 22.6.20 | 7/20-10/21 | 9x1500+7x1600=24700 |
| 4 | നാരായണപിള്ള വി.കെ | ,, | 105420200497 | 23.6.20 | 7/20-10/21 | 9x1500+7x1600=24700 |
| 5 | പ്രഭാകരൻ നായർ .കെ.പി | വികലാംഗ പെൻഷൻ | 105420400194 | 21.7.20 | 8/20-9/20 | 1300+1400=2700 |
| 6 | ഭവാനി | വാർദ്ധ്യകകാല പെൻഷൻ | 105420201338 | 25.7.20 | 8/20-10/21 | 8x1500+7x1600=23200 |
| 7. | റോസമ്മ ജോസഫ് | ‘’ | 105420201829 | 18.8.20 | 9/20-11/20 | 3x1500=4500 |
| 8. | തങ്കപ്പൻ | “ | 105420200307 | 5.9.20 | 9/21-10/21 | 1600x2=3200 |
| 9. | സരസമ്മ ചെല്ലപ്പൻ | ‘’ | 105420200552 | 3.10.20 | 9/21-10/21 | 1600x2=3200 |
| 10 | വേദവതിയമ്മ | ‘’ | 105420600005 | 9.10.20 | 9/21-10/21 | 1600x2=3200 |
| 11 | മത്തായി ആന്റണി | “ | 105420200460 | 1.11.20 | 11/20-10/21 | 4x1500+7x1600=17200 |
| 12 | പി.റ്റി.ജോൺ | ‘’ | 105420201295 | 1.11.20 | 9/21-10/21 | 1600x2=3200 |
| 13 | കമലാക്ഷി | ‘’ | 105420200002 | 4.11.20 | 12/20-10/21 | 4x1500+7x1600=17200 |

| | | | | | | |
|---|---|---|---|---|---|---|
| 14 | ജോസഫ് ഔസേഫ് | ‘’ | 105420200822 | 7.11.20 | 12/20-10/21 | 1500x4+1600x7=17200 |
| 15 | കമലാക്ഷിയമ്മ | “ | 105420202625 | 9.11.20 | 9/21-10/21 | 1600x2=3200 |
| 16 | മറിയാമ്മ പൗലോസ് | “ | 105420202925 | 12.11.20 | 9/21-10/21 | 1600x2=3200 |
| 17 | ലില്ലി ചാക്കോ | “ | 101950600873 | 20.11.20 | 10/21 | 1600 |
| 18 | സെബാസ്റ്റ്യൻ തോമസ് | ‘’ | 105420201184 | 8.12.20 | 1/21-10/21 | 3x1500+7x1600=15700 |
| 19 | സെബാസ്റ്റ്യൻ എബ്രഹാം | “ | 105420200983 | 29.11.20 | 12/20-10/21 | 4x1500+7x1600=17200 |
| 20 | തോമസ് തോമസ് | ‘’ | 105420200488 | 22.12.20 | 1/21-10/21 | 3x1500+7x1600=15700 |
| 21 | തോമസ് ഉലഹന്നാൻ | “ | 105420200712 | 27.1.21 | 2/21-10/21 | 2x1500+7x1600=14200 |
| 22 | ത്രേസ്യാമ്മ ജോസഫ് | ‘’ | 105710201500 | 1.3.21 | 3/21-10/21 | 1500+1600x7=12700 |
| 23 | തൊമ്മൻ വർക്കി | “ | 105420200331 | 4.3.21 | 4/21-10/21 | 7x1600=11200 |
| 24 | അമ്മുകുട്ടിയമ്മ | “ | 105420200006 | 6.3.21 | 9/21-10/21 | 1600x2=3200 |
| | | | ആകെ | | | 294500 |

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല . മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ എലിക്കുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. ഇപ്രകാരം മരണം റിപ്പോർട്ട് ചെയ്തതിനുശേഷം പെൻഷൻ വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5ന് മറുപടിയായി ഭാവിയിൽ ഗ്രാമപഞ്ചായത്തിൽ ഓരോ മരണവും രജിസ്റ്റർ ചെയ്യുന്ന വേളയിൽ തന്നെ മരണപ്പെട്ടയാൾ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിച്ച് ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 294500/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി മതിയായ തുക വകയിരുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 10 ക്ഷീര സംഘങ്ങൾ വഴിയാണ് ക്ഷീരകർഷകരിൽ നിന്നും പാൽ സംഭരിക്കുന്നത്. 2020-21 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലളവിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ നവംബർ വരെയുള്ള 8 മാസകാലയളവിലേയ്ക്ക് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. 188 ക്ഷീരോൽപ്പാദകർ വിവിധ സംഘങ്ങൾ വഴി പാലളക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം 900,000 രൂപയാണ് 2020-21 വർഷം ക്ഷീരകർഷകർക്ക് സബ്സിഡിയിനത്തിൽ നൽകാൻ

വകയിരുത്തി ചെലവഴിച്ചത്. ജി.ഒ.(എം.എസ്)നം.22/18 ത.സ്വ.ഭ.വ തീ 14.2.2018 ഉത്തരവ് പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക ക്ഷീരകർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം. (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പടെ). ഒരുകർഷകന് സബ്സിഡിയിനത്തിൽ പരമാവധി നൽകാവുന്ന തുക 40,000/-രൂപയാണ്. മൃഗസംരക്ഷണ മേഖലയിൽ ധാരാളം ആളുകൾ കന്നുകാലി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് ഇതിൽ നിന്നുള്ള വരുമാനം കൊണ്ട് മാത്രമാണ് ജീവിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിനൊപ്പം ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതം കൂടി നേടിയെടുത്ത് ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി തുക നല്കി ക്ഷീരകർഷകരുടെ ഈ മേഖലയിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 കിച്ചൺ ബിൻ വിതരണം-അക്രഡിറ്റഡ് അല്ലാത്ത ഏജൻസിക്ക് 91,758/- രൂപ മുൻകൂർ നൽകി

പ്രോജക്ട്-ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-കിച്ചൺ ബിൻ(139/21)
അടങ്കൽ-2.46 ലക്ഷം
(147,600/- CFC-Grant, 73,800/- കേന്ദ്രാവിഷ്കൃത ഫണ്ട്-ശുചിത്വം, 24,600/- ഗുണഭോക്തൃ വിഹിതം)
ചെലവ്-91,758/-
(73,800/- കേന്ദ്രാവിഷ്കൃത ഫണ്ട് -ശുചിത്വം, 17,958/- ഗുണഭോക്തൃ വിഹിതം)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഓ.(ഇളങ്ങുളം)

മേൽ പ്രോജക്ടിൽ ശുചിത്വ മിഷൻ അംഗീകൃത ഏജൻസിയായ ദിനമിത്ര, ചെങ്ങളം, കോട്ടയം-ജില്ല എന്ന ഏജൻസിയിൽ നിന്ന് 438 കിച്ചൺ ബിൻ 410/- രൂപ നിരക്കിൽ വാങ്ങുന്നതിന് 04.09.2021 ലെ 1/5 നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനമായി അംഗീകരിച്ചു. എന്നാൽ ഏജൻസി ഇൻവോയ്സ് സമർപ്പിക്കുന്നതിന് മുൻപേ തന്നെ 91,758/- രൂപ മുൻകൂർ നൽകുകയുണ്ടായി. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വൌച്ചർ തീയതി | ചെക്ക് നം./തീയതി | തുക |
|---|---|---|
| 22000844/12.01.2021 | 777582/12.01.2021 | 49,200/- |
| 220001029/19.02.2021 | 777586/19.02.2021 | 24,600/- |
| 220001031/19.02.2021 | 777586/19.02.2021 | 17,261/- |
| 220001198/23.03.2021 | 777590/23.03.2021 | 697/- |
| ആകെ 139/21 പ്രോജക്ട് ചെലവ് | | 91,758/- |

കിച്ചൺ ബിൻ ലഭ്യമാകാതെയും ഇൻവോയ്സ് ഇല്ലാതെയും 91,758/- രൂപ പ്രൈവറ്റ് ഏജൻസിക്ക് നൽകിയതിന്റെ കാരണം വ്യക്തമല്ല. എഗ്രിമെന്റിലും തുക അഡ്വാൻസ് നൽകുന്നതായി ചേർത്തിട്ടില്ല (12.09.2020 ൽ വാങ്ങിയ മുദ്രപത്രത്തിൽ മുൻതീയതിയായ 23/03/2020-ൽ കരാർ ചമച്ചതായാണ് ചേർത്തിരിക്കുന്നത്). പ്രൈവറ്റ് ഏജൻസിക്ക് അഡ്വാൻസ് തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/15.11.2021) നൽകിയതിന് ടി പ്രോജക്ട് 2021-22 വർഷം 438 കിച്ചൺ ബിൻ നൽകി പൂർത്തിയാക്കിയതായി അറിയിച്ചു. 2021-22 പ്രോജക്ടിന്റെ ചെലവ് കണക്കുകളുടെ വിശദാംശവും, അഡ്വാൻസ് ക്രമീകരിച്ച വിവരവും ബില്ലും കിച്ചൺ ബിൻ വിതരണ രേഖകളും ലഭ്യമാക്കുന്നതുവരെ തൻവർഷം മുൻകൂർ നൽകിയ 91,758/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 കന്നുകുട്ടി പരിപാലനപദ്ധതിയ്ക്കായി നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് നം.S0009/21 പ്രകാരം വികസനഫണ്ട് -400,000രൂപ ചെലവഴിച്ച് (ബിൽ നം.6/21 തീ18.3.21) വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയതാണ് കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ട്. 4മാസത്തിനും 6മാസത്തിനും ഇടയ്ക്ക് പ്രായമുള്ള പശുക്കിടാങ്ങളെ തിരഞ്ഞെടുത്ത് ഇൻഷ്വർ ചെയ്ത് എന്റോൾ ചെയ്തതിനുശേഷം അവയ്ക്കു് പ്രായത്തിനനുസൃതമായ കാലിത്തീറ്റ ആദ്യ പ്രസവം അല്ലെങ്കിൽ 32 മാസം പ്രായം ഇതിലേതാണോ ആദ്യം അതുവരെ 50% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുള്ളത്. പ്രോജക്ട് കാലയളവിൽ കിടാരിയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതായിരിക്കും. 32 കിടാരികളെ ഇൻഷ്വർ ചെയ്ത് എന്റോൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു കിടാരിയ്ക്ക് 12500/-നിരക്കിൽ പഞ്ചായത്ത് വിഹിതം 400000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ട്

പൂർത്തീകരിച്ചതിന് ശേഷം വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-25 കക്കൂസ് നിർമ്മാണം(ഒ.ഡി.എഫ്. ഫണ്ട്)-പൂർത്തീകരണ വിശദാംശമില്ല**

പ്രോജക്ട്-കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്. ഫണ്ട്)-189/21
അടങ്കൽ -112,800/- (ഒ.ഡി.എഫ്. ഫണ്ട്)
ചെലവ് - 60,000/-
ചെലവ് വിശദാംശം - 12,000/- വൌച്ചർ നം.22000184/18.06.2020,
48,000/- വൌച്ചർ നം.22000235/02.07.2020
നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഓ.(ഇളങ്ങുളം)
പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് 12,000/- രൂപ വീതം (ആകെ 60,000/-) അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | വീട് നം. |
|---|---|
| അജയകുമാർ, പടികപ്പള്ളിൽ, പനമറ്റം | VII/281 |
| അജിത വേണു, മുട്ടത്തുകുന്നേൽ, പനമറ്റം | VIII/91 |
| പൊന്നമ്മ നാരായണൻ,ആളുമുമ്പുങ്കൽ, എലിക്കുളം | IV/378 |
| ബൈജു കെ., ഇലവുങ്കൽ, നരിക്കാനി | X/466B |
| ചന്ദ്രവല്ലി കെ. ജെ., കല്ലാനിക്കൽ, എലിക്കുളം | VII/54-A1 |

ഗുണഭോക്താക്കൾ നടത്തിയ നിർമ്മാണ പ്രവൃത്തിയുടെ റഫ് എസ്റ്റിമേറ്റ്, LSGD-യുടെ വാല്യൂവേഷൻ , കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയില്ലാതെയാണ് ധനസഹായം നൽകിയത്. കൃത്യമായ രേഖകളുടെ അഭാവത്തിൽ ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/15.11.2021) നൽകിയതിന് പുതിയ നിർമ്മാണ പ്രവൃത്തി ആയതിനാൽ LSGD വാല്യുവേഷൻ ആവശ്യമുള്ളതായി ഗൈഡ് ലൈനിൽ ഇല്ല എന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഓരോ ഗുണഭോക്താക്കളുടെയും വീട്ടിൽ(വീട് നം. ഉൾപ്പടെ) കക്കൂസ് നിർമ്മാണത്തിന് ധനസഹായ തുക നൽകിയതിന് ആധികാരികമായ ചെലവ് വ്യക്തമാക്കുന്ന രേഖ എന്നിവ ഹാജരാക്കേണ്ടതാണ്. ധനസഹായത്തിന് അർഹതപ്പെടുത്തുന്ന ആധികാരികമായ രേഖകൾ ഹാജരാക്കുന്നതുവരെ 60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-26 ലൈഫ് ഭവന പദ്ധതി- എസ്.ടി. ഗുണഭോക്താവ് ഭവനിർമ്മാണം പൂർത്തീകരിച്ചില്ല**

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (എലിക്കുളം) നിർവ്വഹണം നടത്തിയ ലൈഫ് പാർപ്പിട പദ്ധതി(എസ്.ടി.)-199/21 എന്ന പ്രോജക്ടിലെ ഗുണഭോക്താവായ മോളി രവി W/O രവി ഭാസ്കരൻ, വടകര, വടക്കേമുറിയിൽ,പനമറ്റം എന്നയാൾ 29/01/2020-ൽ ഭവന നിർമ്മാണത്തിനായി കരാർ ചമച്ച ശേഷം 2019-20 ലെ പ്രോജക്ട് നം.172/20 പ്രകാരം 40,000/- രൂപ 13/02/2020-ലും 2020-21 സ്പിൽ ഓവർ പ്രോജക്ട് നം.199/21 പ്രകാരം 1.6 ലക്ഷം രൂപ 06/11/2020-ലും ഉൾപ്പടെ ആകെ രണ്ട് ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റിയിട്ടില്ല.

ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/11.11.2021) ലഭ്യമാക്കിയ മറുപടിയിൽ കൊറോണ സാഹചര്യത്തിലാണ് ഭവന നിർമ്മാണം വൈകിയതെന്നും 2021-22 വർഷം 99/22 നമ്പരായി സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ചെന്നും ഭവനനിർമ്മാണം വാർഡ് മെമ്പർ ഇടപെട്ട് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചെന്നും അറിയിച്ചു. ഭവനനിർമ്മാണം പൂർത്തീകരിച്ച് ബാക്കി ഗഡു ധനസഹായം നൽകി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ചോപ്പിങ്ങ് മെഷീൻ സ്ഥാപിക്കൽ-നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | ഇളങ്ങുളം കെ.വി.എൽ.പി.ജി. സ്കൂളിൽ ചോപ്പിങ്ങ് മെഷീൻ സ്ഥാപിക്കൽ(S0186/21) |
| അടങ്കൽ | 6.5 ലക്ഷം(കേന്ദ്രാവിഷ്കൃത പരിപാടി ഫണ്ട്-ശുചിത്വം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ഇളങ്ങുളം) |
| ചെലവ് | 6.5 ലക്ഷം(Account Transfer On 24/03/2021) |
| നിർവ്വഹണ ഏജൻസി | M G Coolings, High Land Building(Opposite Of LIC),<br>Kadatty P.O., Muvattupuzha-686673. |
| കരാർ തീയതി | 25/01/2021 |

ഇ-ടെൻഡർ നടത്തിയ പ്രോജക്റ്റിന് സിംഗിൾ ടെണ്ടർ ആയതിനാൽ റീ ടെണ്ടർ നടത്തി M G Coolings എന്ന സ്ഥാപനത്തിന്റെ 5.85 ലക്ഷം രൂപയുടെ ടെൻഡർ (GST ഒഴികെ) 15/01/2021-ലെ 8(1) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. 25/01/2021-ൽ കരാർ ചമച്ച് 01/02/2021-ൽ വർക്ക് ഓർഡർ നൽകി. 19/03/2021 ലെ MGMZ/016/03/21 നം. ഇൻവോയ്സ് പ്രകാരം 580,357/- രൂപയും 69,643/- രൂപ GST യും ഉൾപ്പടെയുള്ള 6.5 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയുടെ അക്കൌണ്ടിലേക്ക് നൽകി. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.6/12.11.2021) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചു. അപാകതകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും ഭൌതിക പരിശോധനയിൽ ബോധ്യപ്പെട്ട വിവരങ്ങളും താഴെ ചേർക്കുന്നു.

1. ചോപ്പിങ്ങ് മെഷീൻ സ്ഥാപിക്കുന്നതിനു വേണ്ട സ്ഥലം, ഷെഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങളുടെ ആവശ്യകത നിർവ്വഹണ ഏജൻസി പഞ്ചായത്തിനെ അറിയിച്ചില്ല. അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാണോ എന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച് പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം പരിശോധന നടത്തിയതായി കാണുന്നില്ല. ഭൌതിക പരിശോധന നടത്തിയതിൽ ത്രീ ഫേസ് കണക്ഷൻ ആവശ്യമായിരുന്നെന്നും ആയത് നാളിതുവരെ ലഭിച്ചിട്ടില്ല എന്നും വ്യക്തമായി.
2. ചോപ്പിങ്ങ് മെഷീൻ പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത കെ.വി.എൽ.പി.ജി. സ്കൂളിൽ(ഇളങ്ങുളം ദേവസ്വം വക സ്ഥലം) സ്ഥാപിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് എന്നത് വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തിയായിട്ടാണ് ദേവസ്വം വക സ്ഥലത്ത് മെഷീൻ സ്ഥാപിച്ചതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി. എന്നാൽ 6.5 ലക്ഷം രൂപ മൂല്യമുള്ള ഉപകരണം പഞ്ചായത്തിന്റെ ആസ്തിയായി അക്കൌണ്ട്സിലും ആസ്തി രജിസ്റ്ററിലും ചേർത്തിട്ടില്ല. സർക്കാർ മാർഗ്ഗരേഖ പ്രകാരം മറ്റ് സ്ഥാപനങ്ങൾക്ക് ശുചിത്വത്തിനായി മെഷിനറി കൈമാറുന്നതിന് ചെലവഴിക്കുന്നത് പ്രോജക്റ്റ് ചെലവിന്റെ 50% പരമാവധി 1 ലക്ഷം രൂപയായിരുന്നു. ഈ പ്രോജക്റ്റിൽ മെഷീന്റെ മുഴുവൻ തുകയും പ്രോജക്റ്റിലൂടെ ചെലവഴിച്ചു.
3. ചോപ്പിങ്ങ് മെഷീൻ ബയോ വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനാണെന്നാണ് വി.ഇ.ഒ. അറിയിച്ചത്. പഞ്ചായത്ത് പ്രദേശത്ത് മുഴുവനും പ്രയോജനപ്പെടുന്നതാണോ എന്നതിന് പഞ്ചായത്ത് പ്രദേശത്തിന് മുഴുവനായും പ്രയോജനം ലഭിക്കുന്നതാണെന്ന് അറിയിച്ചു. രണ്ട് ഓഡിറ്റോറിയങ്ങൾ സമീപമുള്ളതിനാലാണ് ദേവസ്വം വക സ്ഥലത്ത് സ്ഥാപിച്ചതെന്ന് അറിയിച്ചു.
4. ചോപ്പിങ്ങ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനും വേസ്റ്റ് കൈകാര്യം ചെയ്യുന്നതിനും ഹരിതകർമ്മ സേനയ്ക്കോ കുടുംബശ്രീക്കോ കൈമാറിയതായ എഗ്രിമെന്റോ രേഖകളോ ഇല്ല. ചോപ്പിങ്ങ് മെഷിന്റെ നടത്തിപ്പ് ചുമതല സ്കൂൾ മാനേജ്മെന്റിനും(ദേവസ്വം) സന്നദ്ധ അംഗങ്ങൾക്കുമാണ് എന്നും 2 പേർക്ക് പരിശീലനം ലഭിച്ചതായും വി.ഇ.ഒ. അറിയിച്ചു. ചോപ്പിങ്ങ് മെഷിന്റെ നടത്തിപ്പ് ചുമതല സംബന്ധിച്ച് കരാർ ചമയ്ക്കേണ്ടതാണ്.
5. GST 2% 11,608/- രൂപ(580,357/- രൂപയുടെ 2%) സ്രോതസ്സിൽ കുറവ് ചെയ്യേണ്ടത് ബിൽ നൽകിയപ്പോൾ കുറവ് ചെയ്തിട്ടില്ല. GST രജിസ്ട്രേഷനുള്ള കമ്പനിയായതിനാലാണ് GST സ്രോതസ്സിൽ കുറവ് ചെയ്യാതിരുന്നത് എന്നാണ് മറുപടി നൽകിയത്. GST 12% അടവാക്കിയോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

6. ചോപ്പിങ്ങ് മെഷീൻ പ്രവർത്തനക്ഷമമാക്കിയതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, പഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗം പരിശോധന നടത്തിയതിന്റെ രേഖകൾ എന്നിവ ഫയലിലില്ല. ചോപ്പിങ്ങ് മെഷിൻ പ്രവർത്തനസജ്ജമാക്കി വിശദാംശം അറിയിക്കുന്നതാണ് എന്ന് വി.ഇ.ഒ. അറിയിച്ചു.

ത്രീ-ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ചോപ്പിങ്ങ് മെഷിൻ പ്രവർത്തനസജ്ജമാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചോപ്പിങ്ങ് മെഷിൻ പഞ്ചായത്തിന്റെ ആസ്തിയാക്കി ആസ്തി രജിസ്റ്ററിലും ധനകാര്യ പത്രികയിലും ചേർക്കേണ്ടതാണ്(നിലവിൽ ചേർത്തിട്ടില്ല 31/03/2021 ലെ ബാലൻസ് ഷീറ്റ് പ്രകാരം). മെഷീന്റെ നടത്തിപ്പ് സംബന്ധിച്ച് ദേവസ്വം അതോറിറ്റിയുമായി കരാർ ചമയേക്കണ്ടതാണ്. നടപടികൾ പൂർത്തീകരിച്ച് ചോപ്പിങ്ങ് മെഷിൻ പൂർണമായും പ്രവർത്തനസജ്ജമാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതുവരെ പ്രോജക്ട് ചെലവ് 6.5 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-ബക്കറ്റ് കമ്പോസ്റ്റ് പ്രോജക്ട്-1,100/- രൂപ അധികം നൽകി

പ്രോജക്ട്-ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം-ബക്കറ്റ് കമ്പോസ്റ്റ് (128/21)
അടങ്കൽ-1.82 ലക്ഷം
(109,200/- CFC-Grant, 54,600/- കേന്ദ്രാവിഷ്കൃത ഫണ്ട്-ശുചിത്വം, 18,200/- ഗുണഭോക്തൃ വിഹിതം)
ചെലവ്-151,100/-
(81,100/-CFC-Grant, 54,600/- കേന്ദ്രാവിഷ്കൃത ഫണ്ട് -ശുചിത്വം, 15,400/- ഗുണഭോക്തൃ വിഹിതം)

വി.ഇ.ഓ.(ഇളങ്ങുളം) നിർവ്വഹിച്ച മേൽ പ്രോജക്ടിൽ ശുചിത്വ മിഷൻ അംഗീകൃത ഏജൻസിയായ ദിനമിത്ര, ചെങ്ങളം, കോട്ടയം-ജില്ല(GSTIN:32DAKPS3718AIZY) യിൽ നിന്ന് 150 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ് 1,000/-രൂപ നിരക്കിൽ വാങ്ങി. 27/02/2021-ലെ ഇൻവോയ്സ് നം.184 പ്രകാരം 1.5 ലക്ഷം രൂപയായിരുന്നു നൽകേണ്ടിയിരുന്നത്. 151,100/- രൂപ ചെലവഴിച്ചതായി കാണുന്നു(വിശദാംശം പട്ടികയിൽ).

| വൌച്ചർ തീയതി | ചെക്ക് നം./തീയതി | തുക |
|---|---|---|
| 22000844/12.01.2021 | 777582/12.01.2021 | 36,400/- |
| 220001030/19.02.2021 | 777586/19.02.2021 | 18,200/- |
| 220001032/19.02.2021 | 777586/19.02.2021 | 13,100/- |
| 220001199/23.03.2021 | 777590/23.03.2021 | 2,300/- |
| CFC Fund-Bill No.17/2020-21/06.03.2021 | | 81,100/- |
| ആകെ 128/21 പ്രോജക്ട് ചെലവ് | | 151,100/- |

1,100/- രൂപ അധികമായി പ്രോജക്ടിൽ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(11/15.11.2021) നൽകിയതിന് പ്രോജക്ടിന് തുക അധികമായി ചെലവഴിച്ചതായും 2021-22 വർഷം ദിനമിത്ര ഏജൻസിയിൽ നിന്നുള്ള വാങ്ങലിൽ തുക ക്രമീകരിക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്ത് വിശദാംശം അറിയിക്കുന്നത് വരെ 1,100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ബാരൽ വിലയും ജിഎസ് ടിയും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . Sale Of Empties And Waste Material എന്ന ശീർഷകത്തിലാണ് തുക നിക്ഷേപിച്ചത് . 2020-21 വർഷം ടി ശീർഷകത്തിൽ 35750 രൂപ വരവുണ്ട്. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ബിറ്റുമിൻ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 സ്വകാര്യ ആർക്കിടെക്ടുമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകല്പനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കൽ-അപാകതകൾ

നിലവിൽ തുടർന്നു വരുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ, ഡിസൈൻ ,എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയത് കൊച്ചി കേന്ദ്രമായ എസ്റ്റീം ഡവലപേഴ്സ് എന്ന സ്ഥാപനമാണ്.ദർഘാസ് ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റീംഡവലപേഴ്സ് അർഹമായ നിരക്കിൽ 1% കുറവും, ഭാരത് എഞ്ചിനീയറിംഗ് 52% കുറവും തുക രേഖപ്പെടുത്തി. ഇതിൽ രണ്ട് കമ്പനികളും സർക്കാർ/ എൽ എസ് ജി ഡി കെട്ടിടങ്ങളുടെ ഡിസൈനിംഗ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളവരുമാണ്. 24/7/2018 ലെ 1(2) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം എസ്റ്റീം ഡവലപേഴ്സിനെ അംഗീകരിച്ചു. ടെണ്ടർ സ്വീകരിക്കാനും നിരസിക്കാനും പഞ്ചായത്ത് കമ്മറ്റിക്ക് പൂർണ്ണ അധികാരം ഉണ്ടെന്നും എസ്റ്റീം ഡവലപേഴ്സ് സമീപ പഞ്ചായത്തുകളിൽ ചെയ്തത് പരിഗണിച്ചും 52% കുറവ് രേഖപ്പെടുത്തി എന്ന കാരണത്താൽ മാത്രം ഭാരത് എഞ്ചിനീയറിംഗിന് പ്രവൃത്തി നല്കാൻ കഴിയില്ല എന്നതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഭാരത് എഞ്ചിനീയറിംഗിനെ ഒഴിവാക്കുന്നതിന് കാരണമായി.

ദർഘാസ് ക്ഷണിച്ചു കൊണ്ടുള്ള പത്രപരസ്യത്തിൽ എംപാനൽഡ് ലിസ്റ്റിൽ ഉൾപ്പെട്ടവർ ആവണമെന്ന് നിഷ്കർഷിച്ചിരുന്നില്ല. സമീപപഞ്ചായത്തുകളിൽ പ്രവൃത്തി നടത്തി എന്നത് അധിക യോഗ്യതയും ആകുന്നില്ല. സ്ഥാപനം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ,ഡിസൈൻ എന്നിവ പരിശോധിച്ച് അംഗീകാരം നല്കുന്നത് സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലുള്ള ഉദ്യോഗസ്ഥരായതിനാൽ ഡിസൈനിൽ അപാകതക്കും സാധ്യതയില്ല.ഈ സാഹചര്യത്തിൽ കുറവ് തുക രേഖപ്പെടുത്തിയ ഭാരത് എഞ്ചിനീയറിംഗിനെ ഒഴിവാക്കിയത് നിയമാനുസൃതമല്ല. സാധുവല്ലാത്ത കാരണത്താൽ കുറവ് തുക രേഖപ്പെടുത്തിയ കമ്പനിയെ ഒഴിവാക്കിയതുമൂലമുള്ള അധികച്ചെലവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുറവ് തുക രേഖപ്പെടുത്തിയ ഭാരത് എഞ്ചിനീയറിംഗിന് നല്കേണ്ടി വരുമായിരുന്ന തുക | 13800000x2.33%=321540-167200=154340+27781(GST) =182121 |
| എസ്റ്റീം ഡവലപേഴ്സിന് നല്കിയ തുക | 13800000x2.33%=321540-3215=318325+57298(GST) =375623 |
| അധികച്ചെലവ് | 193502/- |

ജി ഒ (ആർ ടി) 2049/14 തസ്വഭവ തീ 7-8-2014 പ്രകാരം പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്ടുമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകല്പനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 2.33% ൽ പരിമിതപ്പെടുത്തി കൺസൽട്ടൻസി ഫീസ് നല്കുന്നതിന് അനുമതിയുണ്ട്. 1.38 കോടി അടങ്കലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയ എസ്റ്റീം ഡവലപേഴ്സിന് എസ്റ്റിമേറ്റിന്റെ 2.33% ആയ321540 ൽ നിന്നും ടെണ്ടർ കുറവ് 1% കിഴിച്ച് 318325/- രൂപക്ക് മാത്രമാണ് അർഹത . എന്നാൽ ഈ തുകയിൽ പരിമിതപ്പെടുത്തി നല്കുന്നതിന് പകരം 57298/- രൂപ ജി എസ് ടി ഇനത്തിൽ അധികം നല്കിയത് സാധൂകരിക്കുന്ന ഉത്തരവ് ഹാജരാക്കുന്നതോടൊപ്പം മേൽ പറഞ്ഞ അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 3) മറുപടിയായി ആദ്യ പരാമർശത്തിന് ഭരണസമിതി തീരുമാനം വിശദീകരിക്കുകയാണ് ചെയ്തത്. എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ പരിശോധിച്ച് അംഗീകരിക്കുന്നത് എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം ആയതിനാൽ മറുപടിയിലെ വിശദീകരണം അംഗീകരിക്കാവുന്നതല്ല. ഭരണസമിതിയെ കാര്യങ്ങൾ ധരിപ്പിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിനും വീഴ്ചയുണ്ടായിട്ടുണ്ട്. രണ്ടാമത്തെ പരാമർശത്തിന് കാരണമായ ഉത്തരവിൽ തുക പരിമിതപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയത് റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 57298/- രൂപ എസ്റ്റീം ഡവലപേഴ്സിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല

പഞ്ചായത്തിൽ നാളിതു വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. 2020-21 മുതൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീ വരവാകുമെന്ന് അറിയിച്ചിരുന്നെങ്കിലും അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പഞ്ചായത്തിന് അവകാശപ്പെട്ട ടെണ്ടർ ഫീസ് കണക്കാക്കി തനത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 കോവിഡ് പ്രതിരോധപ്രവർത്തനം -അവലോകനം

2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ധനകാര്യ പത്രിക പ്രകാരം പഞ്ചായത്ത് 2.17 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 230800114-Expenses Related To Pandemic/Epidemic Control എന്ന കണക്ക് ശീർഷകത്തിലാണ് കോവിഡ് പ്രതിരോധ ചെലവുകൾ അക്കൌണ്ട് ചെയ്തിരിക്കുന്നത്. കോവിഡ് ബാധിത പ്രദേശങ്ങളിൽ അണുനശീകരണം, മൈക്ക് അനൗൺസ്മെന്റ്,സാമൂഹ്യ അടുക്കളയുടെ പ്രവർത്തനം തുടങ്ങിയവയായിരുന്നു പ്രധാന ചെലവുകൾ. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് കോട്ടയം ജില്ല ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 2020-21 വർഷം തുക തിരികെ ലഭിച്ചിരുന്നില്ല. സിഎഫ്എൽറ്റിസി 2020-21 വർഷം പ്രവർത്തനം ആരംഭിച്ചിരുന്നില്ല. മികച്ച രീതിയിലുള്ള കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-33-1 ഓഡിറ്റ് ഇംപാക്ട്-2

പ്രോജക്ട് നം.SO22/21 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡുപയോഗിച്ച് , ആർട്ട്കോ ലിമിറ്റഡിൽ നിന്നും കളി ഉപകരണങ്ങളായ ബേബി ട്രൈസൈക്കിളിന് 1900/ രൂപയും നികുതിയും, കുതിരയ്ക്ക് 1631/-രൂപയും നികുതിയും പ്രകാരം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6.2.21ലെ1/7 ാം നമ്പർതീരുമാനം അനുമതി നൽകിയിരുന്നു. എന്നാൽ ആർട്ട്കോ ലിമിറ്റഡിൽ നിന്നും നൽകിയ ടാക്സ് ഇൻവോയിസ് പ്രകാരമുള്ള തുക (KTM215) ട്രൈസൈക്കിളിന് 2002/-രൂപയും ടാക്സും, കുതിരയ്ക്ക് 1718/-രൂപയും ടാക്സും നൽകിയതുമൂലം 5081/-(നികുതി ഉൾപ്പെടെ) രൂപ പഞ്ചായത്തിന് അധികചെലവ് ഉണ്ടായിട്ടുണ്ട് അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിനെ തുടർന്ന് ഈ തുക 16/11/2021 ൽ KHO16276104202122M നമ്പർ ചെലാൻ പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.

## 1-33 ഓഡിറ്റ് ഇംപാക്ട്-1

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ (നം 208/2021) ഭാഗമായി കെട്ടിടം ഇലക്ട്രിഫിക്കേഷനും നെറ്റ് വർക്കിംഗും ജില്ലാതല സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ നടത്തിയിട്ടുണ്ട്.12 ലക്ഷം രൂപ സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ള പ്രോജക്ട് കുര്യാക്കോസ് ദാസ് എന്നയാൾ കരാറെടുത്ത് പ്രവൃത്തി പൂർത്തീകരിച്ചു. പ്രവൃത്തിക്കായി തനത് ഫണ്ടിൽ നിന്നും 1160153/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 37.93 പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ജി എസ് റ്റി ഒഴിവാക്കിയിട്ടുള്ളതിനാൽ 12% ജി എസ് റ്റി കോമ്പൻസേഷൻ നല്കുന്നതിന് അനുമതിയുണ്ട്. മേൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതി പരിശോധിച്ചതിൽ 2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ജി എസ് റ്റി കോമ്പൻസേഷൻ ഇനത്തിൽ കരാറുകാരന് അധികതുക നല്കുന്നതിന് അനുമതി ഉള്ളതായി കാണുന്നില്ല (പഞ്ചായത്തിൽ ഇതേ കാലയളവിൽ ചെയ്തഹോമിയോ ആശുപത്രി വൈദ്യുതീകരണത്തിന് ജി എസ് റ്റി കോമ്പൻസേഷൻ നല്കിയിട്ടില്ല) .അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടിയിൽ അധികം നല്കിയ **119763/-** രൂപ 17/11/2021 ലെ 1210100750/G050702 നമ്പർ രസീത് പ്രകാരം തിരിച്ചടച്ചതായി അറിയിക്കുകയും ആയത് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 12/05/2021-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17/11/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 2020-21 | 200000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 16/21 | 200000 | 0 |
| | 2020-21 | 227045 | പാമ്പോലി ഏഴാം മൈൽ റോഡ് കോൺക്രീറ്റിംഗ് 173/21 | 227045 | 0 |
| | 2020-21 | 274120 | പാലുമടക്കൽ പാലം കോൺക്രീറ്റിംഗ് 154/21 | 274120 | 0 |
| | 2020-21 | 499577 | മാനോലി-ചീരംകുളം റോഡ് 155/21 | 499577 | 0 |
| | **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **1200742** | **0** |
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 513500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 16/21 | 513500 | 0 |
| | 2020-21 | 100000 | കിഴങ്ങ് വർഗ്ഗ വിതരണം 44/21 | 100000 | 0 |
| | ,, | 144000 | ലൈഫ്ഭവനം (എസ്.റ്റി) 34/21 | 144000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ,, | 267009 | അങ്കണവാടി പൂരകപോഷകാഹാരം 15/21 | 267009 | 0 |
| | ,, | 413600 | ലൈഫ്ഭവനം എസ് സി 32/21 | 413600 | 0 |
| | ,, | 700000 | ലൈഫ്ഭവനം 30/21 | 700000 | 0 |
| | ,, | 200000 | ലൈഫ്ഭവനം സ്ഥലം വാങ്ങൽ 59/21 | 200000 | 0 |
| | **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **2338109** | |

2020-21 മുതൽ സംയുക്ത പ്രോജക്റ്റുകൾക്കായി മറ്റ് തസ്വഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ വിഹിതത്തിൽ നിന്നുള്ള യഥാർത്ഥ ചെലവ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻ വലിക്കുകയാണ് ചെയ്യുന്നത്.ആയതിനാൽ പഞ്ചായത്തിൽ നീക്കിയിരിപ്പ് ഇല്ല. മുൻകാലങ്ങളിൽ ലഭിച്ച വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ(181/21 ) | 117528/- | 0 | 117528/- |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | 13000/- | | 13000/- |
| ആകെ | | 130528/- | | 130528/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വിവിധ അങ്കണവാടികളിൽ കുഴൽ കിണർ നിർമ്മാണം(145/21) | 400000/- | | 400000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ നിർമ്മാണം (179/21) | 373000/- | | 373000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുഴൽ കിണർ മെയിന്റനൻസ് (180/21) | 113000/- | | 113000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | നാലാം വാർഡിൽ കുഴൽ കിണർ നിർമ്മാണം(276/21) | 200000/- | | 200000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ആറാം വാർഡിൽ കുഴൽ കിണർ നിർമ്മാണം (277/21) | 388000/- | | 388000/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പുളിക്കൽ പീടിക അങ്കണവാടി കുടിവെള്ള പദ്ധതി(279/21) | 265000/- | | 265000/- |

| ആകെ | | 1739000/- | | 1739000/- |
|---|---|---|---|---|

ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിക്ഷേപിച്ച തുക വാർഷികകണക്ക് ആർ പി 47 പ്രകാരം 1074000/- രൂപയാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 5584166 | 4300000/- | 629215/- | | 9254951/- |

ലൈഫ് ഭവനപദ്ധതിക്കായി 2018-19 ൽ ആരംഭിച്ച ഹഡ്കോ വായ്പയിൽ 10428284/- രൂപ 2020-21 വരെ സ്വീകരിക്കുകയും 117333/- രൂപ തിരികെ അടവാക്കുകയും ചെയ്തു( നേരിട്ടടച്ചതും സർക്കാർ കിഴിവ് ചെയ്തതും ഉൾപ്പെടെ). 3,60,000/-,രൂപ വായ്പ തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10790016/- |
| തൻവർഷം നിക്ഷേപിച്ച തുക | 905961/- (പലിശ സ്ഥിര നിക്ഷേപത്തോട് ചേർത്തത്) |
| ആകെ | 11695977/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11695977/- |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം (നം.6546/1.7.2019) | 31-03-2021 | 6മാസം | 5824662 | പലിശനിരക്ക് 6.25% |

| | | | | | |
|---|---|---|---|---|---|
| 2 | സർവ്വീസ് സഹകരണബാങ്ക് ഇളങ്ങുളം6547/1.7.2019 | 31-03-2021 | 6മാസം | 5871315 | |
| | | | ആകെ | 11695977 | |

തനത് ഫണ്ടിൽ നിന്നും നിക്ഷേപിച്ച 1 കോടി രൂപയുടെ പലിശ വരവ് നിക്ഷേപത്തിൽ കൂട്ടിയാണ് തുക കണക്കാക്കിയിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 65727901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69805995 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3200218 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

### (ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 35360 | ജോസഫ് പി റ്റി,സെക്രട്ടറി |
| 1-20 | 2362000 | ജോസഫ് പി റ്റി,സെക്രട്ടറി |
| 1-23 | 91758 | അരുൺ പിള്ള, വി ഇ ഒ ,ഇളങ്ങുളം |
| 1-25 | 60000 | അരുൺ പിള്ള, വി ഇ ഒ ,ഇളങ്ങുളം |
| 1-27 | 650000 | അരുൺ പിള്ള, വി ഇ ഒ ,ഇളങ്ങുളം |
| 1-28 | 1100 | അരുൺ പിള്ള, വി ഇ ഒ ,ഇളങ്ങുളം |
| ആകെ | 3200218 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| (1-12)<br>സി ജി എസ് റ്റി<br>എസ് ജി എസ് റ്റി | 10386<br>10386 |
| ആകെ | 20772 |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷികന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | കെ.എസ്.എ.കെ.ടി.എം പി13/ അദാ18/197(1)/2.2.18 | 3 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി13/ അദാ18/197(3)/2.2.18 | 11 |
| 2006-07 | കെ.എസ്.എ.കെ.ടി.എം പി13/ അദാ18/197(4)/27.2.18 | 4 |
| 99-00ചെലവ് | എൽ.എഫ്.കെ.പി.6/55/03/16.6.03/10.10.03 | 27 |
| 2009-10 | കെ.എസ്.എ.കെ.ടി.എം പി13/ അദാ18/197(5)/27.2.18 | 4 |
| 2010-11 ,11-12 | കെ.എസ്.എ.കെ.ടി.എം പി13/ അദാ18/197(6)/27.2.18 | 4 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി13/891/18/25.6.18 | 5 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13-2204/2018/29.04.2019 | 5 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/889/2018/22.05.18 | 6 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.13/2204/2018/29.04.18 | 11 |
| 2017-18 | കെ.എസ്.എകെ.ടി.എം.പി.13/46/19/08.05.19 | 9 |
| 2018-19 | കെ.എസ്.എകെ.ടി.എം.പി.13/933/2019/19.10.19 | 16 |
| 2019-20 | കെ.എസ്.എകെ.ടി.എം.പി.13/829/2020/06.02.2021 | 11 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-2</u>
# <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്